പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5573 04.07.2013 ലെ മറുപടിക്ക്

**<u>സംസ്ഥാനത്തെ പട്ടികജാതി കോളനികളെ സംബന്ധിച്ച് പഠനം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതിപിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി കോളനികളെ സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പും പട്ടികജാതി വികസന വകുപ്പും കിലയും സംയുക്തമായി പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത പഠനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ/നിഗമനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ; പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | പഠനം നടത്തിയിട്ടുണ്ട്; പ്രസ്തുത പഠനത്തിൽ കണ്ടെത്തിയ കാര്യങ്ങളടങ്ങുന്ന റിപ്പോർട്ടിന്റെ ആമുഖം അനുബന്ധമായി ചേർക്കുന്നു. പഠനറിപ്പോർട്ട് ഏകദേശം 409 പേജുകൾ വരുന്ന പുസ്തകമാണ്. |
| (ബി) | പ്രസ്തുത പഠനത്തിൽ 50 ഉം അതിൽ കൂടുതലും പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന എത്ര കോളനികൾ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ കണ്ടെത്തിയിട്ടുണ്ട്; അവ ഏതെല്ലാം; ഏതെല്ലാം പഞ്ചായത്തിൽ; വ്യക്തമാക്കാമോ; | (ബി) | കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 50 ഉം അതിൽ കൂടുതലും പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1)പാണലിൽ കോളനി – ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്<br>2)വലിയമല കോളനി } മൂടാടി<br>3)നെരവത്ത്കോളനി } ഗ്രാമപഞ്ചായത്ത് |
| സി) | പ്രസ്തുത കോളനികളിൽ ഭവനം നിർമ്മിച്ച് നൽകാനും വൈദ്യുതീകരണം നടത്താനും പദ്ധതി ആവിഷ്കരിക്കുമോ? | (സി) | വലിയമല കോളനി സ്വയംപര്യാപ്ത കോളനിയായി തെരഞ്ഞെടുത്തിട്ടുണ്ട്. മറ്റു കോളനികളിൽ വകുപ്പ് മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ടും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.

## പട്ടികജാതി സങ്കേതങ്ങൾ

ആമുഖം

പട്ടികജാതി സങ്കേതങ്ങളെ (Scheduled Caste Habitats) അടിസ്ഥാന ഘടകമായി പരിഗണിച്ചുകൊണ്ടുള്ള വികസനതന്ത്രം സംസ്ഥാനവ്യാപകമായി ആവിഷ്ക്കരിച്ചത് 1984 -ലാണ്. അതിന് മുൻപ് നടപ്പിലാക്കിയ കോളനിവല്ക്കരണ പരിപാടി ചില ജില്ലകളിലെ ഒറ്റപ്പെട്ട ഉദ്യമങ്ങളായിരുന്നു. പ്രത്യേകഘടക പദ്ധതിയുടെ ആസൂത്രണ, നിർവഹണ, വിലയിരുത്തൽ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ വികേന്ദ്രീകരിച്ചതിനോടനുബന്ധിച്ച് പത്തോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ കേന്ദ്രീകരിച്ച് താമസിക്കുന്ന പ്രദേശങ്ങൾ പട്ടികപ്പെടുത്തുന്ന ഒരു പരിപാടി 1982 -ൽ സംഘടിപ്പിക്കുകയുണ്ടായി. അതുപ്രകാരം കേരളത്തിൽ 13600-ൽ പരം പട്ടികജാതി സങ്കേതങ്ങൾ കണ്ടെത്തിയിരുന്നു. 1990-91-ൽ ഡോ. അംബേദ്ക്കർ ജന്മശതാബ്ദി വർഷാചരണത്തോടനുബന്ധിച്ച് ആരംഭിച്ച അംബേദ്ക്കർ കോളനി വികസന പരിപാടിയും 1991-92 -ലെ സംയോജിത സങ്കേത വികസന പരിപാടിയും (ഐ.എച്ച്.ഡി.പി) സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയിട്ടുള്ള പ്രത്യേക പദ്ധതികളായിരുന്നു. സങ്കേതങ്ങളിലേയ്ക്ക് സഞ്ചാരയോഗ്യമായ വഴി, വൈദ്യുതി, കുടിവെള്ളം, കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജലസേചന സംവിധാനം, തൊഴിൽ യൂണിറ്റുകൾക്ക് പൊതു സൗകര്യ കേന്ദ്രങ്ങൾ മുതലായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം വീട്, വൈദ്യുതീകരണം, തെരുവ് വിളക്കുകൾ, പഠന-വിനോദ കേന്ദ്രങ്ങൾ മുതലായവ സ്ഥാപിക്കുകയെന്നതും ഈ സമഗ്ര വികസന പ്രോജക്ടുകളുടെ ഘടകങ്ങളായിരുന്നു.

പഞ്ചായത്തീരാജ് - നഗരപാലികാ ഭരണ സംവിധാനം നിലവിൽ വന്നതോടെ പട്ടികജാതി വികസനത്തിൽ സങ്കേതങ്ങൾക്ക് നിർണായക പദവി ലഭിക്കുകയുണ്ടായി. ഈ പശ്ചാത്തലത്തിലാണ് സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങളിലെ ഭൗതിക സൗകര്യങ്ങളും വികസന ആവശ്യങ്ങളും സംബന്ധിച്ച സമഗ്രമായ വിവരശേഖരണം നടത്തുവാൻ 31.12.2008 - ലെ ജി.ഒ. 345/2008/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗവൺമെന്റ് അനുവാദം നല്കിയത്. പട്ടികജാതി സമുദായങ്ങളുടെ അഞ്ചോ അതിൽ അധികമോ വീടുകൾ അടുത്തടുത്ത് സ്ഥിതി ചെയ്യുന്ന പ്രദേശങ്ങൾ കണ്ടെത്തി വീട്, ശുചിത്വ കക്കൂസ്, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങളുടെയും കുടിവെള്ളം, തെരുവ് വിളക്കുകൾ, യാത്രാസൗകര്യങ്ങൾ, പൊതു സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തതയും/അവസ്ഥയും കണ്ടെത്തുക എന്നിവയായിരുന്നു സർവേയുടെ ലക്ഷ്യങ്ങൾ.

തദ്ദേശസ്വയംഭരണവകുപ്പ്, പട്ടികജാതി വികസന വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ എന്നിവയുടെ സംയുക്ത സംരംഭമായിട്ടാണ് സർവേ പ്രവർത്തനങ്ങൾ നടത്തിയത്. പട്ടികജാതി സങ്കേതങ്ങളുടെയും സങ്കേതങ്ങളിലും ഒറ്റപ്പെട്ടും താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളുടേയും വിവരങ്ങൾ പ്രത്യേകം ശേഖരിച്ച് സമാഹരിക്കുകയുണ്ടായി.

സങ്കേതങ്ങളെക്കുറിച്ച് ശേഖരിക്കപ്പെട്ട വിവരങ്ങളാണ് ഈ റിപ്പോർട്ടിൽ. സംസ്ഥാനത്ത് 26342 പട്ടികജാതി സങ്കേതങ്ങളും 5.64 ലക്ഷം പട്ടികജാതി കുടുംബങ്ങളും സർവേ ചെയ്തിട്ടുണ്ട്. ജനസംഖ്യ 23.76 ലക്ഷം എന്നു കണക്കാക്കുന്നു. സങ്കേതങ്ങളിൽ 3.44 ലക്ഷം കുടുംബങ്ങളിലായി 14.55 ലക്ഷം ജനസംഖ്യ ഉണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്. സങ്കേതങ്ങളുടെ ജില്ലാതല പട്ടിക ചുവടെ നല്കുന്നു.

പട്ടിക
സങ്കേതങ്ങൾ ജില്ലാടിസ്ഥാനത്തിൽ

| ക്രമ നമ്പർ | ജില്ല | സങ്കേതങ്ങൾ | ശതമാനം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | തിരുവനന്തപുരം | 2978 | 11.31 |
| 2. | കൊല്ലം | 2844 | 10.80 |
| 3. | പത്തനംതിട്ട | 1706 | 6.48 |
| 4. | ആലപ്പുഴ | 1465 | 5.57 |
| 5. | കോട്ടയം | 1044 | 3.97 |
| 6. | ഇടുക്കി | 887 | 3.37 |
| 7. | എറണാകുളം | 1999 | 7.59 |
| 8. | തൃശൂർ | 3117 | 11.84 |
| 9. | പാലക്കാട് | 4310 | 16.37 |
| 10. | മലപ്പുറം | 3087 | 11.72 |
| 11. | കോഴിക്കോട് | 1527 | 5.80 |
| 12. | വയനാട് | 226 | 0.86 |
| 13. | കണ്ണൂർ | 612 | 2.33 |
| 14. | കാസർഗോഡ് | 540 | 2.05 |
| | ആകെ | **26342** | **100** |

കൂരോപ്പട (കോട്ടയം ജില്ല), പിറവം (എറണാകുളം ജില്ല), വാണിമേൽ, നരിപ്പറ്റ (കോഴിക്കോട് ജില്ല), തിരുനെല്ലി, വേങ്ങപ്പള്ളി (വയനാട് ജില്ല), നടുവിൽ, എരുവേശി, ന്യൂമാഹി, പന്ന്യന്നൂർ, കണിച്ചാർ, കേളകം, മാലൂർ, പേരാവൂർ (കണ്ണൂർ ജില്ല), കള്ളാർ, ബളാൽ (കാസർഗോഡ് ജില്ല) എന്നീ 16 ഗ്രാമപഞ്ചായത്തുകളിൽ പട്ടികജാതി സങ്കേതങ്ങളും വട്ടവട, ദേവികുളം (ഇടുക്കി ജില്ല) ഗ്രാമപഞ്ചായത്തുകളിൽ പട്ടികജാതി സമുദായത്തിലെ ഒറ്റപ്പെട്ട കുടുംബങ്ങളും ഇല്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്.

പട്ടികജാതിക്കാർ താമസമില്ലാത്ത സംസ്ഥാനത്തെ ഏക ഗ്രാമപഞ്ചായത്ത് ആണ് ഇടുക്കി ജില്ലയിലെ ഇടമലക്കുടി.

സംസ്ഥാനത്തെ 961 ഗ്രാമപഞ്ചായത്തുകളിലും 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും പട്ടികജാതി സങ്കേതങ്ങൾ ഉണ്ട്.

സെക്ഷൻ ഓഫീസർ